# ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ നടപടി ക്രമം

(ഹാജർ: ഡോ. ടി.എൻ. സീമ)

വിഷയം : ഹരിത കേരളം മിഷൻ–ശുചിത്വമാലിന്യ സംസ്കരണ ഉപമിഷൻ– ഹരിത സഹായ സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് ഉത്തരവാകുന്നത് – സംബന്ധിച്ച്.

പരാമർശം :
1). സർക്കാർ ഉത്തരവ് നം. സ.ഉ. (സാധാ) 2420/2017. തീയതി 15.07.2017
2). 20.09.2017 നു ചേർന്ന സംസ്ഥാനതല കർമ്മസേനയുടെ 10.1, 10.2 നമ്പർ തീരുമാനങ്ങൾ.
3). ഹരിത കേരളം മിഷൻ 13.11.2017 ശുചിത്വമിഷൻ എക്സിക്യുട്ടീവ് ഡയറക്ടർക്ക് നൽകിയ എച്ച്.കെ.എം./എ2/1349/17 നമ്പർ കത്ത്
4). 25.11.2017 നു ചേർന്ന സംസ്ഥാനതല കർമ്മസേനയുടെ 4–ാം നമ്പർ തീരുമാനം.
5). ഹരിത കേരളം മിഷൻ 20.01.2018 നു ശുചിത്വമിഷൻ എക്സിക്യുട്ടീവ് ഡയറക്ടർക്ക് നൽകിയ എ2/0032/എച്ച്.കെ.എം./2018 നമ്പർ കത്ത്.
6). ശുചിത്വമിഷൻ എക്സിക്യുട്ടീവ് ഡയറക്ടറുടെ 26.03.2018–ലെ 2152/സി.1/2016 എസ്.എം. നമ്പർ കത്ത്.
7). സ.ഉ. (സാധാ) നം. 407/2018/തസ്വഭവ തീയതി 09.02.2018

## <u>ഉത്തരവ് നം. എച്ച്.കെ.എം/എ2/625/18 തീയതി 27.03.2018</u>

പരാമർശം (1) ഉത്തരവ് പ്രകാരം വ്യക്തമായ RFP (റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ) നടപടിയിലൂടെ ക്ലസ്റ്റർ/ജില്ല അടിസ്ഥാനത്തിലുള്ള ഹരിത സഹായ സ്ഥാപനങ്ങളുടെ എംപാനൽമെന്റ് പട്ടിക തയ്യാറാക്കി ഓരോ ജില്ലയ്ക്കുമുള്ള ഹരിത സഹായ സ്ഥാപനത്തെ നിയോഗിക്കാൻ ഹരിത കേരളം മിഷനെ ചുമതലപ്പെടുത്തിയിരുന്നു.

പരാമർശം (2) പ്രകാരം 20.09.2017 നു ചേർന്ന സംസ്ഥാനതല കർമ്മസേനയുടെ 10.1 നമ്പർ തീരുമാനപ്രകാരം ശുചിത്വമിഷനെ ഹരിത കേരളം മിഷന്റെ സാങ്കേതിക പിന്തുണാസംവിധാനമായി നിശ്ചയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനും സൂചന (3) പ്രകാരം ശുചിത്വമിഷനു നിർദ്ദേശം നൽകിയിരുന്നു. പരാമർശം (4) പ്രകാരം ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാനുള്ള എംപാനൽമെന്റ് നടപടി സ്വീകരിക്കുന്നതിനുള്ള പൂർണ്ണ ചുമതല ശുചിത്വമിഷനു നൽകി തീരുമാനിച്ചിരുന്നു. പരാമർശം (5) പ്രകാരം ഹരിത സഹായ സ്ഥാപനങ്ങളെ എം പാനൽ ചെയ്യുന്നതിനായി ശുചിത്വമിഷൻ പത്രപ്പരസ്യം വഴി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) ക്ഷണിച്ചിരുന്നു. അതുപ്രകാരം ലഭിച്ച 27 ഏജൻസികളെ ശുചിത്വമിഷൻ എക്സിക്യുട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തി. സൂചന (6) പ്രകാരം ഹരിത സഹായ

സ്ഥാപനങ്ങളെ തെരഞ്ഞെടുത്തുകൊണ്ടുള്ള ലിസ്റ്റ് ശുചിത്വമിഷൻ നൽകിയിട്ടുണ്ട്. ആയതുപ്രകാരം ഇതോടൊപ്പം ചേർത്തിട്ടുള്ള അനുബന്ധം (1) ലെ 21 സ്ഥാപനങ്ങളെ ഹരിത സഹായ സ്ഥാപനങ്ങൾ ആയി എംപാനൽ ചെയ്ത് ഉത്തരവാകുന്നു. ഈ ഹരിത സഹായ സ്ഥാപനങ്ങൾ പരാമർശം (1) ഉത്തരവിനു വിധേയമായും ഹരിത കേരളം മിഷനും ശുചിത്വമിഷനും കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായും പ്രവർത്തിക്കേണ്ടതാണ്.

ടി ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള നടത്തിപ്പ് തുക പരാമർശം (6) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.



എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

To,

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഗ്രാമം)
2. പഞ്ചായത്ത് ഡയറക്ടർ
3. നഗരകാര്യ ഡയറക്ടർ
4. കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
6. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
7. എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
9. എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
10. എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
11. എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
14. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർമാൻ/സെക്രട്ടറിമാർക്കും
15. കരുതൽഫയൽ/ഓഫീസ് കോപ്പി
16. ഹരിത സഹായസ്ഥാപനങ്ങൾക്ക്

അനുബന്ധം (1)

## ഹരിത സഹായ സ്ഥാപനങ്ങൾ

| SL.No. | Name of Agency |
|---|---|
| 1 | Vivesty green<br>F6, NM Complex, CH Cross road, West Nadakkavu, Calicut-673011 |
| 2 | Oisca-International,OISCA Youth Centre, UKS Road, Calicut-673001 |
| 3 | Green Worms Eco Solutions LLP<br>2/21, Nambeeshan colony, West hill Chungam, West hill P.O, Kozhikode-05 |
| 4 | Rajagiri Out Reach<br>Rajagiri College of Social SciencesRajagiri.P.O,Kalamassery-683104 |
| 5 | Integrated Rural Technology Centre (IRTC)<br>Mundur,Palakkad-678592 |
| 6 | Jyothi Jeeva Poorna Trust<br>Archana Woment's Centre ,Post Box No. 53. Ettumanoor P.O ,Punnathura Kavala<br>Kottayam-686631 |
| 7 | Pelican Foundation<br>1/77, NC John Estate, Kuthiathode ,Cherthala 688533 |
| 8 | Plan@Earth<br>XII/457A, Near Kolbe Ashramam ,U.C.College.P.O, Aluva-683102 |
| 9 | Chris Global Traders<br>Vengal, Alamthuruthy P.O,Thiruvalla-689113 |
| 10 | Welfare Services Eranakulam<br>Anchumurry, Ponnurunni,Vyttila.P.O, Kochi,Ernakulam-682019 |
| 11 | Apex Voluntary Agency for Rural Devlopment (AVARD)<br>AVARD Bhavan, Chalakkudy.P.O,<br>Thrissur Dist-680307 |
| 12 | Youth Social Service Organization<br>Social Service Centre,M.A.College.P.O, Kothamangalam,Ernakulam-686666 |
| 13 | Thanal<br>OD-3, Jawaharnagar,Kowdiar.P.O,Thiruvananthapuram |
| 14 | Orgind Agricultural Innovations<br>Vattaloor P.O, Makkarapparamb ,Malappuram-676507 |
| 15 | Prowins Agri System<br>TC7/768-3, Souparnika ,Maruthamkuzhy ,Kanjirampara.P.O ,Thiruvananthapuram-30 |
| 16 | Socio Economic Unit Foundation<br>PMRA A-8, T.C 17/652,Near Milma Bhavan,Pattom Palace.P.O,Thiruvananthapuram-695004 |
| 17 | Green Village<br>Mymoon, P-67,Pullenkkonam Lane II,Sasthamangalam,Thiruvananthapuram-695 |
| 18 | All India Institute of Local Government<br>Pinnac Memories, Phase II<br>Bldg-L,Near Kothrud Stand, Tothrud,Pune-411038 |
| 19 | Oleena Mahila Samajam 9oms<br>Westhill P.O, Calicut-673005 |
| 20 | Northamps Env Solutions<br>Naduvileveettil Building ,Irumpanam, Tripunithura,Eranakulam-682309 |
| 21 | Environmental Resource Development Co-Operative Society<br>E.R.D Co-Operative Society,Polayathodu,Kollam |